# പതിനാലാം കേരളനിയമസഭ

## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2005 | 11.02.2020-ൽ മറുപടിക്ക് |
|---|---|

**സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ**

| | ചോദ്യം<br>ശ്രീ.കെ.ജെ. മാക്സി | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | വിവാഹിതരായ സ്ത്രീകൾ നേരിടുന്ന ഭർത്തൃ ബലാൽസംഗങ്ങളും സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ കൊലപാതകം ഉൾപ്പെടെയുള്ള അതിക്രമങ്ങളും വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഓരോ വർഷവും രജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ എത്രയെന്ന് വ്യക്തമാക്കുമോ; | (എ) | കഴിഞ്ഞ 5 വർഷത്തെ കേസുകളുടെ വിശദാംശങ്ങൾ അനുബന്ധമായി നൽകിയിരിക്കുന്നു. |
| (ബി) | സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള കേസുകളിൽ പ്രത്യേക അന്വേഷണ സംഘങ്ങളുടെ അന്വേഷണം ഉറപ്പു വരുത്താനും പ്രതികൾക്ക് ശിക്ഷ ഉറപ്പാക്കാനും വനിതകളുടെ രാത്രിയാത്ര സുരക്ഷിതമാക്കാനും സ്ത്രീകൾക്ക് സ്വയംപ്രതിരോധ പരിശീലനം നൽകുവാനും വേണ്ടി ഈ സർക്കാർ സ്വീകരിച്ചു വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ; | (ബി) | സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള കേസുകളിലെ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചും കുറ്റമറ്റ രീതിയിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ച് പ്രതികൾക്ക് ശിക്ഷ ഉറപ്പാക്കുന്നു. ജനമൈത്രി സംവിധാനം കാര്യക്ഷമമാക്കിയും, സ്ത്രീകളുടെ സുരക്ഷ മുൻനിർത്തി പിങ്ക് പോലീസ് സംവിധാനം നടപ്പിലാക്കിയും, പോലീസ് ഓഫീസർമാർ ആഴ്ചയിൽ ഒരു ദിവസം പഞ്ചായത്ത് ഓഫീസുകൾ സന്ദർശിച്ചും സ്ത്രീകളുടേയും കുട്ടികളുടേയും പരാതികൾ സ്വീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. സ്ത്രീകളുടെ രാത്രി നടത്തം പോലുള്ള പരിപാടികൾ സംഘടിപ്പിച്ച് നടപ്പാക്കുക വഴി സ്ത്രീകളിൽ സുരക്ഷിതത്വബോധം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. കുടുംബശ്രീ, ജനമൈത്രി തുടങ്ങിയ സംവിധാനങ്ങൾ |

| | | | |
|---|---|---|---|
| | | | പ്രയോജനപ്പെടുത്തി സ്ത്രീകൾക്ക് സ്വയം പ്രതിരോധ പരിശീലനം നൽകിവരുന്നു. |
| (സി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം പെൺകുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ മൂലം അവർ സ്കൂൾ പഠനം പോലും നിർത്തുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് തടയുവാനായി സ്വീകരിയ്ക്കുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ? | (സി) | ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഇരയായ പെൺകുട്ടിയുടെ തുടർ പഠനം നടത്തുന്നതിന് സ്കൂൾ അധികാരികൾക്കും, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷനും റിപ്പോർട്ട് നൽകി രക്ഷാകർത്താക്കളുടെ സഹകരണത്തോടെ കൗൺസിലിംഗ് നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ

10

<u>അനുബന്ധം</u>

| വർഷം | വിവാഹിതരായ സ്ത്രീകൾക്കെതിരെയുള്ള ഭർതൃ ബലാത്സംഗങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം |
|---|---|
| 2015 | 4 |
| 2016 | 5 |
| 2017 | 8 |
| 2018 | 6 |
| 2019 | 5 |

സെക്ഷൻ ഓഫീസർ